# കർത്താവേ, എന്തുകൊണ്ടാണ് അവിടുന്ന് അകന്നു നിൽക്കുന്നത്? ഞങ്ങളുടെ കഷ്ടകാലത്ത് അവിടുന്നു മറഞ്ഞിരിക്കുന്നതെന്ത്?

സങ്കീർത്തനങ്ങൾ 10:1



## വിചിന്തനം

ജൂൺ 2023

കഷ്ടതകളുടെയും ദൗർഭാഗ്യങ്ങളുടെയും നടുവിൽപ്പെട്ടു തളരുമ്പോൾ വിശ്വാസിയുടെ ആത്മാവിനു സാന്ത്വനമാകുന്നത് ദൈവസാമിപ്യമാണ്. തന്റെ ദുരിതസമയത്ത് ഈ ദൈവസാന്നിധ്യം അനുഭവിക്കാനാകാത്ത സങ്കീർത്തകന്റെ അഗാധമായ വേദനയാണ് ഈ വാക്യത്തിൽ തെളിയുന്നത്. സാവൂൾ രാജാവിൽനിന്ന് ഓടിരക്ഷപ്പെടുമ്പോഴാണ് ദാവീദ് ഈ സങ്കീർത്തനം എഴുതിയതെന്നുകൂടി ഓർക്കുമ്പോൾ ആ വേദനയുടെ ചിത്രം കൂടുതൽ വ്യക്തമാകും. ആത്മാവിൽ വേദന തിങ്ങുമ്പോഴും വഞ്ചകരും ദുഷ്ടരും ചുറ്റും വളരുമ്പോഴും വിശ്വാസി എങ്ങനെ പ്രാർഥിക്കണം എന്നതുസംബന്ധിച്ച ചില വിചിന്തനങ്ങളിലേക്കാണ് ഈ വചനം നമ്മെ നയിക്കുന്നത്.

പ്രശസ്ത എഴുത്തുകാരൻ റബ്ബി ഹരോൾഡ് കുഷ്നർ ഒരു പുസ്തകത്തിൽ തന്റെ നിരീശ്വരവാദിയായ ഡോക്ടർ സുഹൃത്തിന്റെ ജീവിതത്തിലെ ഒരു സംഭവം വിശദീകരിക്കുന്നുണ്ട്. ഡോക്ടറുടെ സഹോദരൻ ക്യാൻസർ ബാധിച്ചു മരണമടഞ്ഞു. സംസ്കാരച്ചടങ്ങിലേക്കു കുഷ്നറുമെത്തിയിരുന്നു. സഹോദരന്റെ വേർപാടിൽ തകർന്നുപോയ ഡോക്ടർ തീവ്രമായ വേദനയോടെ കുഷ്നറോടു പറഞ്ഞത് ഇങ്ങനെയാണ് ''ഇപ്പോൾ, നിങ്ങളെപ്പോലെ ഞാനും വിശ്വാസിയായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുകയാണ്. ദുരിതങ്ങളുണ്ടാകുമ്പോൾ നിങ്ങൾ ദൈവത്തിന്റെ മുന്നിൽപോയി കരയുന്നു, ദൈവത്തോടു ചോദ്യം ചോദിക്കുന്നു, പരാതിപ്പെടുന്നു, കാരണം ദൈവമുണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നു. എന്നാൽ എനിക്ക് ദൈവമുണ്ടെന്നു വിശ്വസിക്കാൻ കഴിയുന്നില്ല, ഞാൻ വിശ്വസിക്കുന്നുമില്ല. അതിനാൽ ഞാൻ ഇവിടെ തീർത്തും ഒറ്റയ്ക്കാണ്. ഡോക്ടറെന്ന നിലയിൽ എന്റെ സഹോദരന്റെ മരണത്തിൽ എനിക്ക് എന്നെത്തന്നെ കുറ്റപ്പെടുത്താനേ കഴിയുന്നുള്ളൂ ''

ദൈവത്തോടു ചോദ്യം ചോദിക്കാനും പരാതിപ്പെടാനും നമുക്കുള്ള സാധ്യതയെ നാം അത്ര ഗൗരവമായി പരിഗണിച്ചിട്ടുണ്ടാകില്ല. രോഗങ്ങളുടെയും പരാജയങ്ങളുടെയും നഷ്ടങ്ങളുടെയും സമയത്ത് സ്വാഭാവികമായി നാം ദൈവത്തെ ചോദ്യംചെയ്യാറുണ്ട്. എന്നാൽ ചിലപ്പോഴെല്ലാം നാം ദൈവത്തെ ചോദ്യം ചെയ്യുന്നത് നമ്മുടെ വിശ്വാസരാഹിത്യംകൊണ്ടാണെന്നു നമുക്കുതന്നെ തോന്നിയേക്കാം. ദൈവത്തിന്റെ പ്രവൃത്തികൾ മനസ്സിലാക്കാൻ സങ്കീർത്തകർ ബുദ്ധിമുട്ടുന്ന അനേകം സന്ദർഭങ്ങൾ നാം വചനത്തിൽ കാണുന്നുണ്ട്. ദൈവത്തോടു ചോദ്യം ചോദിക്കുന്നത് മനുഷ്യജീവിതത്തിന്റെ ഭാഗമാണ്. സഹനങ്ങളുടെ സമയത്ത് എന്താണു സംഭവിക്കുന്നത് എന്നു മനസ്സിലാകാതെ നാം ചോദ്യങ്ങൾ ചോദിക്കുന്നു. ദൈവത്തിന്റെ വിശ്വസ്തതയെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും സങ്കീർത്തകൻ ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. ദൈവം തന്നെ മറന്നിരിക്കുന്നോ, അവിടുന്നു തന്റെ മുഖം മറച്ചിരിക്കുകയാണോ എന്നെല്ലാം സങ്കീർത്തകൻ ചോദിച്ചുപോകുകയാണ്. ഇതെല്ലാം തെളിയിക്കുന്നത് ദൈവത്തോടു ചോദ്യം ചോദിക്കാനും സംശയങ്ങളും അനിശ്ചിതത്വങ്ങളുമെല്ലാം അവിടുത്തെ മുന്നിൽ തുറന്നുപ്രകടിപ്പിക്കാനും സാധിക്കുമെന്നാണ്. നമ്മുടെ വികാരങ്ങളെ മനസ്സിലാക്കാൻമാത്രം അവിടുന്ന് വിശാലഹൃദയനാണ്.

ദൈവത്തോടു ചോദ്യം ചോദിക്കുന്നതിൽ കുറ്റബോധം തോന്നുന്നവരാണ് ചിലരെല്ലാം. വിഖ്യാത താത്വികനായ സോറൻ കിയെർക്കെഗാർഡിന്റെ (Soren Kierkegaard) പിതാവ് മൈക്കിൾ ഈ വിഷയത്തിൽ മികച്ച ഉദാഹരണമാണ്. ആട്ടിടയനായിരുന്ന അദ്ദേഹത്തിന്റെ ബാല്യകാലം പട്ടിണിയും ദുരിതവും വിട്ടൊഴിയാത്തതായിരുന്നു. കഠിനമായ ഹൃദയവേദനയെത്തുടർന്ന് ഒരിക്കൽ ആ ബാലൻ ഒരു മലമുകളിലേക്കു പാഞ്ഞുകയറി ആകാശത്തിലേക്കു മുഷ്ടിയെറിഞ്ഞുകൊണ്ട് ദൈവത്തെ ശപിച്ചു. കാലംപോകെ അദ്ദേഹത്തിന്റെ ജീവിതത്തിലും മെച്ചപ്പെട്ട സമയമുണ്ടായി. എങ്കിലും ദൈവത്തെ ശപിച്ചുവെന്ന ആ കുറ്റബോധം അദ്ദേഹത്തെ വിട്ടുപോയില്ല. പിന്നീടുണ്ടായ എല്ലാ പ്രതിസന്ധികളെയും തനിക്കുള്ള ദൈവത്തിന്റെ ശിക്ഷയായി അദ്ദേഹംകാണുകയും ചെയ്തു. അടിയുറച്ച വിശ്വാസിയായിരുന്നിട്ടുപോലും ഈ കുറ്റബോധം അദ്ദേഹത്തിന്റെ മരണക്കിടക്കവരെ കൂടെയുണ്ടായിരുന്നുവെന്നതാണ് സത്യം.

നമ്മുടെ ചോദ്യങ്ങളിൽ ദൈവം കോപിക്കുന്നില്ല. നമ്മുടെ ചോദ്യങ്ങൾ അവിടുത്തെ പേടിപ്പിക്കുന്നുമില്ല. ദൈവം അവയെ സ്വാഗതം ചെയ്യുന്നു. നാമുമായി ഒരു ബന്ധമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. നമ്മുടെ ചോദ്യങ്ങളിലൂടെ ദൈവം ആരാണെന്നു നാം കൂടുതൽ മനസ്സിലാക്കുന്നു. നമ്മുടെ ചോദ്യങ്ങളെ നാം മറച്ചുവയ്ക്കുമ്പോൾ നാം നമ്മെത്തന്നെയാണ് ദൈവത്തിൽനിന്നു മറച്ചുവയ്ക്കുന്നത്. സുതാര്യതയില്ലാത്ത ബന്ധം ദൈവം ഇഷ്ടപ്പെടുന്നില്ല. പലപ്പോഴും ദൈവത്തിലുള്ള നമ്മുടെ വിശ്വാസം പടുത്തുയർത്തപ്പെടുന്നത് ചോദ്യങ്ങളിലൂടെയാണ്. പഴയനിയമത്തിലെ ജോബിന്റെ കഥയിലും നാം ഇതാണു കാണുന്നത്. സഹിച്ചുതളരുമ്പോൾ തന്റെ സങ്കടങ്ങളും വേദനയും കോപവും പ്രതീക്ഷയുമെല്ലാം ദൈവത്തോടുള്ള ചോദ്യങ്ങളിലൂടെ അദ്ദേഹം പ്രകടിപ്പിക്കുന്നു. പരിമിതരായ നാം അനന്തതയായ ദൈവത്തെ മനസ്സിലാക്കാൻ ശ്രമിക്കുകയാണെന്ന തിരിച്ചറിവുണ്ടാകാനും കൂടുതൽ എളിമയുള്ളവരാകാനും ഈ ചോദ്യങ്ങൾ നമ്മെ സഹായിക്കും.

ദൈവത്തോടു ചോദ്യങ്ങൾ ചോദിക്കുന്നതും പരാതിപ്പെടുന്നതും ദൈവവുമായുള്ള നമ്മുടെ ബന്ധത്തിലെ സുതാര്യതയും തുറവിയുമാണ് വെളിവാക്കുന്നതെങ്കിലും നാം അത് എങ്ങനെ ചെയ്യുന്നുവെന്നതാണു പ്രധാനം. ദൈവത്തോടു ചോദ്യങ്ങൾ തുറന്നുചോദിക്കുമ്പോഴും നാം പരാതിപ്പെടുന്ന വിഷയത്തിന്റെയും അധിപൻ ദൈവമാണെന്ന ബോധ്യം നമുക്കുണ്ടോ? നാം പരാതിപ്പെടുന്ന വിഷയത്തെക്കുറിച്ച് നമ്മുടെ പക്കൽ എല്ലാ ഉത്തരങ്ങളുമില്ലെന്നും എന്നാൽ ദൈവത്തിന്റെ പക്കലുണ്ടെന്നും നാം മനസ്സിലാക്കുന്നുണ്ടോ? ദൈവത്തോടു ചോദ്യങ്ങൾ ചോദിക്കുന്നതും അവിടുത്തെ കുറ്റപ്പെടുത്തുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഈ സങ്കീർത്തനത്തിന്റെ അവസാനം സങ്കീർത്തകൻ ശാന്തനാകുകയാണ്. പീഡിതരെ കൈപിടിച്ചുയർത്തുന്ന ദൈവത്തിൽ അവൻ വിശ്വാസമർപ്പിക്കുന്നു. എന്തായാലും നമ്മുടെ കുറ്റപ്പെടുത്തലുകൾ പോലും ദൈവം ക്ഷമിക്കുന്നുണ്ട്. കാരണം, അവിടുന്ന് വലിയവനാണ്. നമ്മുടെ അരിശവും അസ്വസ്ഥതകളുമെല്ലാം അവിടുത്തേക്ക് മനസ്സിലാക്കാനാകും. എല്ലാറ്റിനുമുപരി നാം അവിടുത്തെ പ്രിയപ്പെട്ട മക്കളാണ്. നമ്മുടെ പ്രശ്നങ്ങൾ നാം തന്നെ പരിഹരിക്കാൻ ശ്രമിച്ച് പരാജയപ്പെടുന്നതോ പ്രശ്നങ്ങളെ കണ്ടില്ലെന്നുനടിച്ചു പൊള്ളയായ സന്തോഷങ്ങളിലേക്ക് ഒളിച്ചോടുന്നതോ അല്ല, നമ്മുടെ നിരാശകളും വേദനകളുമായി നാം ദൈവത്തെ സമീപിക്കുന്നതുതന്നെയാണ് അവിടുത്തേക്കിഷ്ടം.

..........................................................................................

ആനി ബേർലി,
നാലാം ബാച്ച് ജീസസ് യൂത്ത് ഫുൾടൈമർ.
തിയോളജിയിൽ ബിരുദാനന്തര ബിരുദ വിദ്യാർഥി.
ഭർത്താവ് ബേർലി ഏണസ്റ്റിനും മൂന്ന് മക്കൾക്കുമൊപ്പം കൊച്ചിയിൽ താമസിക്കുന്നു.